LIBRARY ARCHIVES Kerala Legislative Assembly

മിനറൽ വാട്ടറിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

43 [2759] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനറൽ വാട്ടറിന്റെ ഉപയോഗം സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) വർഷത്തിൽ എത്ര രൂപയുടെ മിനറൽ വാട്ടർ സംസ്ഥാനത്ത് വിറ്റഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മിനറൽ വാട്ടറിന് അമിതമായ വിലയാണ് ഇപ്പോൾ ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ലഭിക്കുന്ന മിനറൽ വാട്ടറിന് ഗുണനിലവാരം കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് വിലയിരുത്തിയിട്ടില്ല.

(ബി) കണക്കുകൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

(സി) ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടില്ല.

(ഡി) മിനറൽ വാട്ടറിന്റെ (പാക്കേജ്ഡ് ഡ്രിങ്കിഗ് വാട്ടർ) ഗുണനിലവാരം പരിശോധിക്കാനായി സംസ്ഥാനത്തെ ഉല്പാദന, സംഭരണ, വില്പന കേന്ദ്രങ്ങളിൽ നിന്ന് ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിക്കുകയും ടി സാമ്പിളുകൾ അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തുകയും ചെയ്യാറുണ്ട്. പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ല എന്ന് തെളിയുന്ന പക്ഷം കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

പാലക്കാട് ജില്ലയിലെ ശുദ്ധജലവിതരണ പദ്ധതികൾ

44 [2760] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളാണ് നിലവിൽ ഉള്ളത്;

(ബി) പുതുതായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ ഏതെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;